## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3741 15-12-2014-ൽ മറുപടിയ്ക്ക്

### ലഹരി വസ്തുക്കളുടെ ഉപഭോഗ വർദ്ധനവിനെതിരെ നടപടി

ചോദ്യം:

ശ്രീ. രാജു എബ്രഹാം

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ വർദ്ധിച്ചുവരുന്ന കഞ്ചാവിൻെറയും മയക്കുമരുന്നുകളുടെയും ഉപഭോഗം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 932 കേസ്സുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | കേരളത്തിൽ കഞ്ചാവിൻെറയും മയക്കുമരുന്നിൻെറയും ഉപഭോഗം വർദ്ധിക്കാനുള്ള കാരണം വിശദമാക്കാമോ; കഞ്ചാവ് വില്പന തടയാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് എക്സൈസ് വകുപ്പ് പുതുതായി സ്വീകരിച്ചിട്ടുള്ളത്; എന്നു വ്യക്തമാക്കാമോ; | (ബി) യും, (സി) യും | കഞ്ചാവിൻെറയും മയക്കുമരുന്നിൻെറയും വിൽപ്പന തടയുന്നതിന് റെയ്ഡുകളും വാഹന പരിശോധനയും കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കഞ്ചാവിൻെറയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വില്പന എന്നിവ തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ റെയിൽവെ സ്റ്റേഷൻ, പാർസൽ സർവ്വീസ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി |
| (സി) | അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് മയക്കുമരുന്നുകൾ കടത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | |

| | | | |
|---|---|---|---|
| | | | വരുന്നണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും അന്യ സംസ്ഥാന തൊഴിലാളികൾ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും കടത്തിക്കൊണ്ടുവരുന്നതും തടയുന്നതിനു വേണ്ടി ടി ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലും ജോലിചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നു. സമൂഹത്തിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും, സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ഡി) | കേരളത്തിലെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വർദ്ധിച്ചുവരുന്ന കഞ്ചാവ് വില്പന ഉൾപ്പെടെയുള്ള നിയമവിരുദ്ധ ലഹരി ഉപയോഗം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ എടുത്തു; എത്ര പേരെ അറസ്റ്റ് ചെയ്തു; എത്ര കേസ്സുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടു; എത്ര കേസ്സുകൾ വെറുതെ വിട്ടു ? | (ഡി) | സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും, സ്കൂളുകൾ കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും മയക്കുമരുന്ന് വില്പന സംബന്ധിച്ച പരാതികൾ ശേഖരിക്കുന്നതിനായി വിവരശേഖരണപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് കഞ്ചാവിൻെറ വിതരണവും വില്പനയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് 233 കേസ്സുകൾ എടുക്കുകയും 254 പേരെ അറസ്റ്റു ചെയ്യുകയും 29 പ്രതികൾ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ